## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :704** **29.10.2019-ൽ മറുപടിക്ക്**

## സഹകരണ ബാങ്കുകൾ ആദായ നികുതി കൊടുക്കണമെന്ന വ്യവസ്ഥ

**ചോദ്യം**

**ശ്രീ.ഐ.ബി. സതീഷ്**

**മറുപടി**

**ശ്രീ.കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | 2007-ലെ കേന്ദ്ര നിയമം അനുസരിച്ച് സഹകരണ ബാങ്കുകൾ ആദായ നികുതി കൊടുക്കണം എന്നതിന്റെ ചുവട്ടു പിടിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നികുതി കൊടുക്കണമെന്ന തരത്തിൽ പ്രസ്തുത നിയമഭേദഗതി തെറ്റായി വ്യാഖ്യാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2007 മുതൽ 11 വർഷക്കാലത്തെ ആദായനികുതി അടയ്ക്കണമെന്ന ആദായ നികുതി വകുപ്പ് നിർദ്ദേശത്തെ തുടർന്ന് ഡിപ്പോസിറ്റിന്റെ വലിയൊരു ഭാഗം ആദായനികുതി അടയ്ക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2006 ലെ ഫിനാൻസ് ആക്ടിലൂടെ ആദായ നികുതി നിയമത്തിലെ 80 പി ഭേദഗതി ചെയ്ത് 01.04.2007 മുതൽ ഉപവകുപ്പ് 4 കൂടി ചേർത്ത് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതിനാൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് 80 പി അനുസരിച്ചുള്ള ആദായ നികുതി ഇളവ് നൽകേണ്ടതില്ലായെന്ന് ഇൻകംടാക്സ് വകുപ്പിന്റെ 20.09.2010 ലെ 6/2010 (F No.173(3)/44/2009-IT (A-I) സർക്കുലർ പ്രകാരം ആദായനികുതി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. 2007-ലെ മേൽ കേന്ദ്ര നിയമം അനുസരിച്ച് സഹകരണ ബാങ്കുകൾ ആദായ നികുതി കൊടുക്കണം എന്നതിന്റെ ചുവട് പിടിച്ച് മുൻ കാലങ്ങളിലേത് ഉൾപ്പെടെ നിരവധി വർഷത്തെ സംഘങ്ങളുടെ ആദായത്തിനുമേൽ ആദായ നികുതി വകുപ്പ് നികുതി കണക്കാക്കിയതിന്റെ ഫലമായി പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് അവരുടെ അതത് വർഷത്തെ ആദായത്തിൽ കവിഞ്ഞ തുക നികുതിയായി ഒടുക്കേണ്ട അവസ്ഥ സംജാതമാകുകയും ടി സാഹചര്യത്തിൽ സംഘത്തിന്റെ നിക്ഷേപത്തിന്റെ വലിയൊരു ഭാഗം ആദായ നികുതിയായി അടക്കേണ്ട സാഹചര്യമുണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ ചില സംഘങ്ങൾ ആദായ നികുതി അടച്ചിട്ടുണ്ട്. മറ്റ് ചില സംഘങ്ങൾക്ക് ആദായ നികുതി അടയ്ക്കണമെന്ന ആദായ നികുതി വകുപ്പിന്റെ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് കോടതികളെ സമീപിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ നിന്നും പ്രാഥമിക സംഘങ്ങളെ ഒഴിവാക്കുന്നതിന് സർക്കാരിന് എന്ത് നടപടി സ്വീകരിക്കാനാവുമെന്ന് വിശദമാക്കാമോ? | (ബി) | ഇൻകംടാക്സ് ആക്ട് ഒരു കേന്ദ്ര നിയമം ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകളിന്മേൽ ഇടപെടാൻ പരിമിതികളുണ്ട്. എന്നാൽ സഹകരണ മേഖലയുടെ നിലനിൽപ്പിനെ ബാധിക്കുന്നതാകയാൽ ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാക്കുന്നതിന് 02.07.2018 ലും 17.08.2019 ലും കേന്ദ്രധനകാര്യ മന്ത്രാലയത്തിന് മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ